LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അടുത്ത അഞ്ചുവർഷത്തിനുള്ളിൽ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) 21-12-2011-ലെ ഗവൺമെന്റ് ഉത്തരവ് (സാധാ.) നമ്പർ 3764/2011/ ആഭ്യന്തരം പ്രകാരം 5 വർഷത്തിനുള്ളിൽ തുടങ്ങാൻ ഉദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ മുൻഗണനാപ്പട്ടികയിൽ 9-ാം നമ്പരായി കൊണ്ടോട്ടിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമായ ശേഷം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കൊണ്ടോട്ടിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ഫയർ ആന്റ് റസ്ക്യൂ വകുപ്പിലെ ട്രെയിനീസിന്റെ ആനുകൂല്യങ്ങൾ**

199 (3689) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ & റെസ്ക്യൂ വകുപ്പിന് കീഴിൽ വിവിധ തസ്തികകളിൽ ട്രെയിനിയായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് മുഴുവൻ ആനുകൂല്യങ്ങളും നൽകണമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) നിലവിൽ ട്രെയിനിയായിട്ടുള്ളവർക്ക് പ്രസ്തുത ഉത്തരവിന് വിരുദ്ധമായി അടിസ്ഥാന ശമ്പളം മാത്രമാണ് നൽകുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവർക്ക് മുഴുവൻ ആനുകൂല്യങ്ങളും അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) ഉണ്ട്. മുഴുവൻ ആനുകൂല്യങ്ങളും നൽകുന്നത് സംബന്ധിച്ച കമാണ്ടന്റ് ജനറലിന്റെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസ്സുകൾ**

200 (3690) ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മുഖ്യമന്ത്രിയുൾപ്പെടെ ഏതൊക്കെ മന്ത്രിമാരുടെ പേരിൽ എത്ര വീതം വിജിലൻസ് കേസ്സുകൾ നിലവിലുണ്ടായിരുന്നുവെന്ന് വിശദമാക്കാമോ ;

(ബി) ഈ കേസ്സുകളിൽ ഏതൊക്കെ സർക്കാർ നേരിട്ടും, കോടതികൾ മുഖേനയും അന്തിമതീർപ്പുകൽപ്പിച്ചുവെന്നും, ഏതൊക്കെ കേസ്സുകൾ തീർപ്പു കൽപ്പിക്കാതെ നിലവിലുണ്ടെന്നും വിശദമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര വിജിലൻസ് കേസ്സുകൾ സർക്കാർ നേരിട്ട് തീർപ്പുകൽപ്പിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഏതൊക്കെ കേസ്സുകളാണ് പിൻവലിച്ചതെന്നും തീർപ്പുകൽപ്പിച്ചതെന്നുമുള്ള വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിലവിലുണ്ടായിരുന്ന (മന്ത്രിമാർ ഉൾപ്പെട്ടിട്ടുള്ള) വിജിലൻസ് കേസ്സുകളുടെ വിവരം താഴെ കാണിക്കുന്നു:

1. ശ്രീ. ടി. എം. ജേക്കബ് ... വി.സി. 3/98/ഇ.കെ.എം.

2. ശ്രീ. അടൂർ പ്രകാശ് ... വി.സി. 2/08/എൻ.ആർ.കെ.

3. ഡോ. എം. കെ. മുനീർ

വി.സി. 5/08/എൻ.ആർ.കെ.

വി.സി. 6/08/എൻ.ആർ.കെ.

വി.സി. 7/08/എൻ.ആർ.കെ.

വി.സി. 8/08/എൻ.ആർ.കെ.

വി.സി. 9/08/എൻ.ആർ.കെ.

വി.സി. 1/10/എൻ.ആർ.കെ.

വി.സി. 2/10/എൻ.ആർ.കെ.

വി.സി. 3/10/എൻ.ആർ.കെ.

വി.സി. 1/9/എസ്.ഐ.യു.-1

4. ശ്രീ. സി.എൻ. ബാലകൃഷ്ണൻ ... വി.സി. 7/10/റ്റി.എസ്.ആർ.

(ബി) ഇവയിൽ കോടതി അന്തിമ തീർപ്പ് കൽപ്പിച്ചവയുടെ വിജിലൻസ് കേസ് നമ്പർ താഴെ കാണിക്കുന്നു.

വി.സി. 5/08/എൻ.ആർ.കെ.

വി.സി. 6/08/എൻ.ആർ.കെ.

വി.സി. 7/08/എൻ.ആർ.കെ.

വി.സി. 8/08/എൻ.ആർ.കെ.

വി.സി. 9/08/എൻ.ആർ.കെ.

വി.സി. 1/10/എൻ.ആർ.കെ.

വി.സി. 2/10/എൻ.ആർ.കെ.

വി.സി. 3/10/എൻ.ആർ.കെ.

LIBRARY ARCHIVES Kerala Legislative Assembly

തീർപ്പു കൽപ്പിക്കാത്തവയുടെ വി.സി. നമ്പർ ചുവടെ ചേർക്കുന്നു:

വി.സി. 1/9/എസ്.ഐ.യു.-1

വി.സി. 7/10/റ്റി.എസ്.ആർ.

വി.സി. 3/98/ഇ.കെ.എം.

വി.സി. 2/08/എൻ.ആർ.കെ.

(സി&ഡി) വിജിലൻസ് കോടതിയിൽ രജിസ്റ്റർ ചെയ്യുന്ന കേസ്സുകളിൽ സർക്കാരിന് നേരിട്ട് തീർപ്പു കൽപ്പിക്കാൻ കഴിയില്ല. എല്ലാ വിജിലൻസ് കേസ്സുകളിലും കോടതിയാണ് അന്തിമ തീർപ്പുകൽപ്പിക്കുന്നത്.

## വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ

201 (3691) ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് ആൻഡ് ആന്റികറപ്ഷൻ ബ്യൂറോ വകുപ്പ് എന്നുമുതലാണ് പ്രത്യേക വിഭാഗമായി പ്രവർത്തിച്ചുതുടങ്ങിയത് ; പ്രസ്തുത വകുപ്പ് ഇപ്പോൾ സുവർണ്ണജൂബിലി ഘട്ടത്തിലാണോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) നിലവിൽ വിജിലൻസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ എണ്ണം എത്ര ; ഇതിൽ ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ; വിശദമാക്കുമോ ;

(സി) എത്ര പോലീസ് ഉദ്യോഗസ്ഥർ വിജിലൻസ് കേസ്സുകളിൽ പ്രതികളായിട്ടുണ്ട് ; അവർ ആരെല്ലാമെന്ന് പദവി ഉൾപ്പെടെ വ്യക്തമാക്കുമോ ;

(ഡി) പ്രതിവർഷം ശരാശരി എത്ര വിജിലൻസ് കേസ്സുകളിൽ നടപടികൾ പൂർത്തിയാക്കാനാകുന്നു ; പ്രതിവർഷം ശരാശരി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നു ; വ്യത്യാസം വ്യക്തമാക്കുമോ ;

(ഇ) എത്ര സംസ്ഥാന മന്ത്രിമാർ വിജിലൻസ് അന്വേഷണം നേരിടുന്നു ; അവർ ആരെല്ലാം ;

(എഫ്) വിജിലൻസ് വകുപ്പിന് നിയമപരമായ അടിത്തറയില്ലാത്തതിനാൽ വിജിലൻസ് ഉദ്യോഗസ്ഥരുടെ അന്വേഷണം ഫലപ്രദമാകാത്തത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(ജി) എങ്കിൽ വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം ഫലവത്താക്കാൻ അടിയന്തര നിയമനിർമ്മാണത്തിനും എല്ലാ ജില്ലകളിലും വിജിലൻസ് ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുന്നതിനും എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly